
# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 1 ലക്കം 2 സെപ്റ്റംബർ 2018



സെപ്റ്റംബർ 5 : രൂപതാ ദിനം

സെപ്റ്റംബർ 20 : പുനരൈക്യദിനം

## മെത്രാഭിഷേകവാർഷികം

**2018 സെപ്റ്റംബർ 21**



## അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ്

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 1 സെപ്റ്റംബർ 2018 ലക്കം 2

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Sheen Thankalayam

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil

*(Private Circulation Only)*

### ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 2 |
| ഭദ്രാസന വാർത്തകൾ | 6 |
| Bishop's Charity Fund Contribution | 8 |
| എം.സി.സി.എൽ. | 14 |
| എം.സി.വൈ.എം. | 16 |
| എം.സി.എ. | 17 |
| മാതൃവേദി | 19 |
| KIDS | 20 |
| വിദ്യാഭ്യാസം | 21 |
| സ്മരണീയ ദിനങ്ങൾ | 22 |
| Bishop’s Diary | 23 |

# THE SYRO- MALANKARA CATHOLIC CHURCH
## DIOCESE OF PARASSALA

**THOMAS MAR EUSEBIUS**
Bishop of Parassala

Catholic Bishop's House
Ayira P.O., Kudayal
Parassala - 695 502

No. PCL 1/2018

17 September 2018

## സർക്കുലർ

പ്രിയ ബഹു. വൈദികരേ, സന്യാസി സന്യാസിനികളേ, പ്രിയ വിശ്വാസികളേ,

പാറശ്ശാല രൂപത സ്ഥാപിതമായിട്ട് ദൈവപരിപാലനയുടെ ഒരു വർഷം പിന്നിട്ടു. 'ദൈവത്തിന്റെ നിസ്വരോ'ടുള്ള തന്റെ സവിശേഷമായ സ്നേഹത്തിന്റെയും കരുണയുടെയും അവാച്യമായ അനുഭവങ്ങളിലൂടെയാണ് ഒരു രൂപത എന്ന നിലയിൽ നാം കടന്നുപോകുന്നത്. സെപ്റ്റംബർ 5-ാം തീയതി, നമ്മുടെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ മദർ തെരേസയുടെ തിരുനാൾ ദിവസം, നാം രൂപതാദിനമായി ആഘോഷിക്കുകയും നമ്മുടെ എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും സന്യസ്തരും വൈദികരും ഒന്നുചേർന്ന് കൃതജ്ഞതാ ബലി അർപ്പിക്കുകയും ചെയ്തു. രൂപതാദിനാഘോഷം, കൂടുതൽ ദൈവാശ്രയബോധത്തോടെ, ആത്മവിശ്വാസത്തോടെ, രൂപതയുടെ വിവിധ ശുശ്രൂഷകളിൽ സമർപ്പിതരാകുവാനുള്ള ഊർജ്ജം നമുക്ക് പ്രദാനം ചെയ്തു. ഈ കൂടിവരവ്, ആഴമാർന്ന വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും അനുഭവമാക്കുവാൻ സഹായിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

രൂപതാ സ്ഥാപനത്തിന്റെ ഒരു ലക്ഷ്യമായ, കൂടുതൽ ഗൗരവവും തീവ്രതയുമുൾക്കൊള്ളുന്ന അജപാലനശുശ്രൂഷ, നമ്മുടെ ഇടവകകളിൽ ലഭ്യമാക്കുവാൻ നമുക്ക് സാധിച്ചു. തത്ഫലമായി ഇടവകകേന്ദ്രീകൃതമായ ഒരു ആത്മീയമുന്നേറ്റത്തിന് നാം സന്നദ്ധരായി. നമ്മുടെ ഇടവക ശുശ്രൂഷയിൽ ത്യാഗപൂർവ്വം സമർപ്പിതരായിരിക്കുന്ന എല്ലാ വൈദികരെയും സന്യസ്തരെയും അത്മായ നേതാക്കളെയും ഞാൻ അഭിനന്ദിക്കുന്നു.

വൈദികജീവിതത്തിലേയ്ക്കും സന്ന്യാസത്തിലേയ്ക്കുമുള്ള ദൈവവിളിയുടെ പ്രോത്സാഹനവും പരിപാലനവും സഭയുടെ അതീവ ഗൗരവമുള്ള ഒരു ഉത്തരവാദിത്തമാണ്. നമ്മുടെ രൂപതയ്ക്ക് പ്രേഷിത ചൈതന്യവും സമർപ്പണബോധവുമുള്ള ധാരാളം വൈദികരുടെയും സന്യസ്തരുടെയും ആവശ്യമുണ്ട്. വിശ്വാസചൈതന്യം നിറഞ്ഞു നില്ക്കുന്ന കുടുംബങ്ങളിലാണ് നല്ല വൈദികരും സന്യസ്തരും ജനിക്കുന്നത് എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ. നമ്മുടെ കുടുംബങ്ങളും ഇടവകകളും ദൈവവിളിയെ പരിപോഷിപ്പിക്കുന്ന ഇടങ്ങളായി മാറണം. ദൈവത്തിന്റെ സ്നേഹപരിപാലനയിൽ, നമ്മുടെ രൂപതയ്ക്കു വേണ്ടി ഒരു മൈനർ സെമിനാരി ആരംഭിക്കുവാൻ നമുക്ക് സാധിച്ചു. ആദ്യ ബാച്ചിൽ, നമ്മുടെ ഇടവകകളിൽ നിന്നു തന്നെ സമർത്ഥരായ 15 വിദ്യാർത്ഥികളെ നമുക്ക് ലഭിക്കുകയും ചെയ്തു.

നമ്മുടെ രൂപതയുടെ മറ്റൊരു പ്രധാന ശുശ്രൂഷ, നമ്മുടെ കുട്ടികളുടെയും, യുവതീയുവാക്കളുടെയും മുതിർന്നവരുടെയും ശരിയായ വിശ്വാസ പരിശീലനമാണ്. രൂപതയിലെ എല്ലാ പ്രേഷിതസംഘങ്ങളും ഈയൊരു ശുശ്രൂഷാനിർവ്വഹണത്തിൽ സമർപ്പിതരാണ്. എന്നാൽ അതോടൊപ്പം നമ്മുടെ കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസ സാധ്യതകൾ സംലഭ്യമാക്കുക എന്നത് നമ്മുടെ പ്രത്യേക സാഹചര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഉത്തരവാദിത്തമാണ്. ഈ വിഷയത്തിലും നാം പൂർണ്ണമായും നിയോഗബദ്ധരാണ്. നമ്മുടെ രൂപതാ പ്രദേശത്ത് സാധിക്കുന്ന സാദ്ധ്യതകൾ ഈ തലത്തിൽ സൃഷ്ടിച്ചുകൊണ്ട്, കാലികമായ ഒരു വിദ്യാഭ്യാസ മുന്നേറ്റം നാം വിഭാവനം ചെയ്യുന്നു. വലിയ സാമ്പത്തിക പരിമിതികളുടെ മദ്ധ്യേപോലും, വെങ്ങാനൂരിലെ ഹയർ സെക്കണ്ടറി സ്കൂൾ രൂപതയ്ക്കായി വാങ്ങുവാൻ നാം മുൻകൈ എടുത്തത്, ഈ ദൗത്യത്തിലുള്ള നമ്മുടെ ബോദ്ധ്യത്തിന്റെയും സമർപ്പണത്തിന്റെയും അടയാളമാണ്.

ഇത്തരുണത്തിൽ, നമ്മുടെ രൂപതയ്ക്കു ലഭിച്ച സാന്തോം എയ്ഡഡ് കോളേജ് ഒരു വലിയ ദൈവാനുഗ്രഹമായി നാം മനസ്സിലാക്കുന്നു. ഈ പ്രദേശത്തെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയിൽ, ദൈവപക്കൽ നിന്നുള്ള സമയോചിതമായ ഇടപെടലായി നാം ഇതിനെ കാണണം. ഇതിനായി ചെറുതും വലുതുമായ രീതിയിൽ സഹായിച്ച, ഈ കോളേജ് സാദ്ധ്യമാക്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. വളരെ പ്രത്യേകമായി ഈ കോളേജ് ഒരു യാഥാർത്ഥ്യമാക്കുന്നതിനായി

വളരെ താല്പര്യത്തോടെ, നിഷ്ഠയോടെ ആദ്യാവസാനം പ്രവർത്തിച്ച അഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടുള്ള ആത്മാർത്ഥമായ നന്ദി, രൂപതയുടെ പേരിൽ ഞാൻ പ്രകടിപ്പിക്കുന്നു.

സാന്തോം കോളേജ് നമുക്ക് വലിയൊരു സാദ്ധ്യതയാണ്, വെല്ലുവിളിയാണ്. അനേകം തലമുറകൾക്ക് ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന, മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ള വരായി അവരെ രൂപീകരിക്കുന്ന, അന്താരാഷ്ട്ര നിലവാരമുള്ള ഒരു കലാലയമായി ഈ സ്ഥാപനത്തെ വളർത്തുക എന്നത് നമ്മുടെ ഉത്ത രവാദിത്തമാണ്. ഇത്തരുണത്തിൽ കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി ഔദാര്യപൂർവ്വം സൗജന്യമായി നല്കിയ നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന 'മിഷണറീസ് ഓഫ് യൂണിറ്റി' എന്ന പ്രേഷിത പ്രസ്ഥാനത്തോടുള്ള രൂപതയുടെ നന്ദി ഞാൻ പ്രകാശിപ്പിക്കുന്നു. കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (കെട്ടിടങ്ങൾ ഉൾപ്പെടെ) അടിയന്തിരമായി നാം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ശ്രമക രമായ ഈ ഉദ്യമത്തിൽ രൂപതയിലെ മുഴുവൻ അംഗങ്ങളുടെയും ഉദാര മായ സഹകരണവും സഹായവും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥി ക്കുന്നു. ഈ സ്ഥാപനത്തിന്റെ വളർച്ച നമ്മുടെ കൂട്ടായ ഉത്തരവാദി ത്തമായി മനസ്സിലാക്കി, നാമേവരുടെയും ത്യാഗഭരിതമായ സഹകരണം ഇതിൽ ഉറപ്പാക്കണം.

നമ്മുടെ നാടിനെ അതിദാരുണമായി ഗ്രസിച്ച മഹാപ്രളയ വേളയിൽ ക്രൈസ്തവോചിതമാം വിധം പ്രതികരിക്കുവാൻ നമുക്കു സാധിച്ചു. നമ്മുടെ രൂപതയിൽ നിന്ന്, വ്യക്തികളായും ഇടവകകളായും, രൂപതയിലെ വിവിധ പ്രേഷിതസംഘങ്ങളുടെ ആഭിമുഖ്യത്തിലും (എം.സി.വൈ.എം., സോഷ്യൽ സർവ്വീസ് വിഭാഗം മുതലായവ) ആവശ്യ ക്കാർക്ക് തക്കസമയത്ത് സഹായമെത്തിച്ച എല്ലാവരെയും ഞാൻ അഭി നന്ദിക്കുകയും അവരോടുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

സെപ്റ്റംബർ 5-ലെ രൂപതാദിനാഘോഷവേളയിൽ രൂപതയിലെ ജീവകാരുണ്യ പ്രവർത്തനങ്ങളെ സഹായിക്കുവാൻ നിങ്ങൾ ഔദാര്യ പൂർവ്വം നല്കിയ സംഭാവനയ്ക്ക് ഞാൻ നിങ്ങളോട് വളരെയേറെ നന്ദി യുള്ളവനാണ്. ഈ വിഷയത്തിൽ വളരെ ആവേശകരമായ പ്രതികരണ മാണ് നിങ്ങളിൽ നിന്നുണ്ടായത്. നമുക്ക് ചാരിറ്റി ഫണ്ടിലേക്ക് 12,35,757 രൂപാ സമാഹരിക്കുവാൻ സാധിച്ചു. നമ്മുടെ ഇല്ലായ്മയിൽ നിന്നും നല്കിയ ഈ സംഭാവന, നമ്മേക്കാൾ പരിമിതികൾ അനുഭവിക്കുന്ന

നമ്മുടെ സഹോദരങ്ങളുടെ ജീവിതത്തെ അല്പമായെങ്കിലും ഉദ്ധരിക്കുവാൻ നമുക്ക് വിനിയോഗിക്കാം.

പാറശ്ശാല രൂപതയെ ദൈവം അത്ഭുതകരമായി പരിപാലിക്കുന്നു. വ്യക്തമായ ലക്ഷ്യബോധവും ത്യാഗസന്നദ്ധതയും സമർപ്പണ മനോഭാവവും കൈമുതലായുള്ള, പരസ്പരസ്നേഹത്തിൽ ബന്ധിതമായ നമ്മുടെ വൈദിക കൂട്ടായ്മ ഈ രൂപതയുടെ ചൈതന്യമാണ്. മിഷനുകളിൽ ത്യാഗപൂർവ്വം സമർപ്പിതരായ അനേകം സന്യസ്തരുടെ സാന്നിദ്ധ്യം, ഈ രൂപതയുടെ അനുഗ്രഹമാണ്. ഉദാത്തമായ സഭാസ്നേഹവും വിശ്വാസവും അനുദിനജീവിത പശ്ചാത്തലങ്ങളിൽ വിശ്വസ്തതയോടെ ജീവിക്കുന്ന നമ്മുടെ അത്മായ സഹോദരങ്ങൾ നമ്മുടെ ശക്തിയാണ്. വൈവിധ്യമാർന്ന കഴിവുകളുടെയും നന്മകളുടെയും വിളനിലമായ നമ്മുടെ യുവജനങ്ങൾ, കുഞ്ഞുങ്ങൾ നമ്മുടെ അഭിമാനമാണ്, പ്രതീക്ഷയാണ്. എല്ലാവരെയും പ്രതി നമുക്ക് ദൈവത്തിന് നന്ദി അർപ്പിക്കാം.

തുടർന്നും ഒരേ മനസ്സോടെ, ഒരേ സ്നേഹത്തിൽ ബന്ധിതരായി, ഒരു രൂപത എന്ന നിലയിൽ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്ന നിയോഗ നിർവ്വഹണത്തിനായി നമുക്ക് സമർപ്പിതരാകാം. പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ മദർ തെരേസയുടെയും സാക്ഷ്യവും മാദ്ധ്യസ്ഥവും തുടർന്നും നമ്മെ ശക്തിപ്പെടുത്തട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



**✠ തോമസ് മാർ യൗസേബിയോസ്**
പാറശാല രൂപതാദ്ധ്യക്ഷൻ

# ഭദ്രാസന വാർത്തകൾ

## രൂപതാ ദിനം

പാറശ്ശാല രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. മദർ തെരേസയുടെ തിരുനാൾ ദിനമായ സെപ്റ്റംബർ 5-ാം തീയതി രൂപതാ ദിനമായി ആചരിച്ചു. രൂപതാദിനത്തിൽ വിപുലമായ ആഘോഷങ്ങളെല്ലാം ഒഴിവാക്കി ലളിതമായി ആചരിച്ചു.

രാവിലെ 9.30 ന് കുടയാൽ ദൈവാലയത്തിൽ ദിവ്യകാരുണ്യ ആരാധനയും അതേത്തുടർന്ന് 11.00 മണിക്ക് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു. രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും സഹകാർമ്മികരായിരുന്നു. ബഹു. തോമസ് കുളങ്ങര അച്ചൻ വചനസന്ദേശം നൽകി. വി. കുർബാനയ്ക്കു ശേഷം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. പൗലോസ്, കഴിഞ്ഞ ഒരു വർഷം രൂപതയിൽ നടന്ന പ്രവർത്തനങ്ങളെയും നേട്ടങ്ങളെയും അനുസ്മരിച്ച് പ്രസംഗിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് നന്ദി പ്രകാശിപ്പിച്ചു. വി. കുർബാനയിലും തുടർന്ന് നടന്ന സ്നേഹഭോജനത്തിലും എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും ഭക്തസംഘടനാ ഭാരവാഹികളും പങ്കെടുത്തു. തുടർന്ന് വൈദികരും ഇടവകാപ്രതിനിധികളും മറ്റ് അഭ്യുദയകാംഷികളും അഭിവന്ദ്യ പിതാവിനെ സന്ദർശിക്കുകയും പിതാവിന്റെ ചാരിറ്റി ഫണ്ടിലേക്ക് സംഭാവനകൾ നൽകുകയും ചെയ്തു.

## ദൈവാലയ കൂദാശ

കുടപ്പനമൂട് സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശ 2018 ജൂലൈ 21 ന് പാറശ്ശാല ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് നിർവ്വഹിച്ചു. പാറശ്ശാല രൂപതാ വികാരി ജനറൽ റൈറ്റ് റവ. മോൺ. സെലിൻ ജോസ് കോണത്തുവിള, അനേകം വൈദികർ, സിസ്റ്റേഴ്സ്, വിശ്വാസികൾ എന്നിവർ കൂദാശയ്ക്ക് സാക്ഷ്യം വഹിച്ചു. അതേത്തുടർന്ന് പൊതുസമ്മേളനം നടന്നു. ജൂലൈ 22 രാവിലെ വന്ദ്യ പിതാവ് വി. കുർബാന അർപ്പിച്ചു. ഇടവക വികാരി റവ. ഫാ. അനു ജോസ് കുന്നിൽ പരിപാടികൾക്ക് നേതൃത്വം നല്കി.

## കുരിശ്ശടി കൂദാശ

പരിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ നാമത്തിൽ കുഴിഞ്ഞാൻവിള മാതാ നഗറിൽ സ്ഥാപിതമായ കുരിശ്ശടി അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് കൂദാശ ചെയ്തു. ഇടവക വികാരി റവ. ഫാ. സാജൻ പുത്തൻവീട് പരിപാടികൾക്ക് നേതൃത്വം നല്കി.

## റവ. ഫാ. ബർണാഡ് വലിയവിളയ്ക്ക് ഡോക്ടറേറ്റ്

പാറശ്ശാല ഭദ്രാസനത്തിൽ ചാരോട്ടുകോണം സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കാത്തോലിക്കാ ഇടവകാംഗമായ റവ. ഫാ. ബർണാഡ് വലിയവിള ലബനോനിലെ ഹോളി സ്പിരിറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇക്കഴിഞ്ഞ ജൂൺ മാസം 11-ാം തീയതി സുറിയാനി ആരാധനക്രമ ദൈവശാസ്ത്രത്തിൽ ഉയർന്ന മാർക്കോടെ ഡോക്ടറേറ്റ് നേടി. ഇപ്പോൾ അച്ചൻ സാന്തോം മലങ്കര ആർട്സ് & സയൻസ് കോളേജിന്റെ ബർസാർ ആയി ശുശ്രൂഷ ചെയ്യുന്നു.



## ലോഗോസ് ക്വിസ് - 2018

ഈ വർഷത്തെ ലോഗോസ് ക്വിസ് 2018 സെപ്റ്റംബർ 30 ന് അതാത് ഇടവകകളിൽവച്ച് ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ നടത്തുന്നു. ചോദ്യപേപ്പറുകൾ ജില്ലാ കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കേണ്ടതാണ്

### അഭിനന്ദനങ്ങൾ

തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ്, എം. ബി.ബി.എസ്. 2012 ബാച്ചിൽ ഒന്നാം റാങ്ക് നേടിയ ധനുവച്ചപുരം ഇടവകാംഗമായ ഡോ. രേഷ്മ വി. പി.



കേരള സർവ്വകലാശാല ബി. എ. മലയാളം പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ പാമാംകോട് ഇടവകാംഗമായ കുമാരി സുകന്യ ബി.



**Bishop's Charity Fund Contribution from Balaramapuram Dist.**

| No | Parish | Place | Amount |
|---|---|---|---|
| 1 | St. Joseph’s SMCC | Balaramapuram | 10000 |
| 2 | St. Mary’s Immaculate SMCC | Chowara | 5000 |
| 3 | Sacred Heart SMCC | Eruthavoor | 5000 |
| 4 | St. Antony’s SMCC | Kannamcode | 2000 |
| 5 | St.Francis Assissi SMCC | Mulloor | 5000 |
| 6 | St.Mary’s SMCC | Nelliyode | 2000 |
| 7 | Sacred Heart SMCC | Ookkode | 2000 |
| 8 | St. Antony’s SMCC | Pamamcode | 5000 |
| 9 | St. Mary’s SMCC | Pappanamcode | 3000 |
| 10 | St. Mary’s SMCC | Poozhikkunnu | 5000 |
| 11 | Holy Cross SMCC | Pottayil | 10000 |
| 12 | St.George SMCC | Pravachambalam | 5000 |
| 13 | St. Thomas SMCC | Punnakkulam | 3000 |
| 14 | St. Mary’s SMCC | Thengarakkonam | 3000 |
| 15 | Sacred Heart SMCC | Thiruvallam | 5000 |
| 16 | St. Mary’s SMCC | Velloorkonam | 1500 |
| 17 | St. Joseph’s SMCC | Venniyoor | 10000 |
| 18 | St.George SMCC | Vizhinjam | 2000 |
| | | | **83500** |

**Bishop's Charity Fund Contribution from Chemboor District**

| No | Parish | Place | Amount |
|---|---|---|---|
| 1 | St. Mary’s SMCC | Amboori | 5000 |
| 2 | St. Antony’s SMCC | Anakkuzhi | 1500 |
| 3 | St. Mary’s SMCC | Aruvattukonam | 5000 |
| 4 | Holy Family SMCC | Chanaikonam | 2000 |
| 5 | St. Joseph’s SMCC | Chemboor | 2000 |
| 6 | St. Thomas SMCC | Cheriakolla -Kudayal | 3330 |
| 7 | St. Peter & St. Paul SMCC | Kadampra | 1000 |

| | | | |
|---|---|---|---|
| 8 | St. George SMCC | Kudappanamoodu | 6000 |
| 9 | St. Mary's SMCC | Kuttamala | 2000 |
| 10 | St.Antony's SMCC | Manchamkode | 2000 |
| 11 | St. Joseph's SMCC | Mannamkonam | 1500 |
| 12 | St. Jude SMCC | Marakkunnam | 1500 |
| 13 | St. Antony's SMCC | Muttachal | 2000 |
| 14 | St. Paul's SMCC | Mylakkara | 2500 |
| 15 | St. Joseph's SMCC | Neerazhikkonam | 1600 |
| 16 | St. Mary's SMCC | Ottasekharamangalam | 2000 |
| 17 | St. Mary's SMCC | Panachamoodu | 5000 |
| 18 | Little Flower SMCC | Pantha | 2000 |
| 19 | St. Thomas SMCC | Poozhanadu | 1500 |
| 20 | St. George SMCC | Vattapparambu | 2000 |
| 21 | St. Joseph's SMCC | Vazhichal | 2000 |
| | | | **53430** |

**Bishop's Charity Fund Contribution from Kattakada District**

| No | Parish | Place | Amount |
|---|---|---|---|
| 1 | St. Mary's SMCC | Kattakkada | 11350 |
| 2 | St.Thomas SMCC | Anacode | 2000 |
| 3 | St. Rosa Mystica SMCC | Aruvikkuzhy | 5000 |
| 4 | St. Joseph's SMCC | Chaikulam | 7000 |
| 5 | St. Mary's SMCC | Cherukode | 4200 |
| 6 | St. Mary's SMCC | Kallamam | 10000 |
| 7 | Our Lady of Perpetual Help SMCC | Kalliyal | 6500 |
| 8 | St. Thomas' SMCC | Kanakkuzhy | 5000 |
| 9 | Our Lady of Fathima SMCC | Kandala | 2000 |
| 10 | Lurdhu Matha SMCC | Kattuvila | 6000 |
| 11 | St. Thomas' SMCC | Konnikonam | 7000 |
| 12 | St. Mary's SMCC | Kottoor | 5000 |
| 13 | St. Antony's SMCC | Kuttichal | 15000 |
| 14 | St. Joseph's SMCC | Malayinkeezhu | 5000 |

| | | | |
|---|---|---|---|
| 15 | St.Thomas SMCC | Mathalampara | 1000 |
| 16 | St. Thomas' SMCC | Pappanam | 5000 |
| 17 | St. Antony's SMCC | Pezhumoodu | 1000 |
| 18 | St.George's SMCC | Ponneduthakuzhy | 10000 |
| 19 | St. Mary's SMCC | Poovachal | 2500 |
| 20 | St. Mary's SMCC | Punalal | 2000 |
| 21 | St. Joseph's SMCC | Punnavoor | 5090 |
| 22 | St. Antony's SMCC | Puthenkavuvila | 10000 |
| 23 | The Lady of all Nations SMCC | Thachottukavu | 5000 |
| 24 | St. George SMCC | Thoongampara | 5000 |
| 25 | St. Jude SMCC | Thozhukkalakonam | 3200 |
| | | | **140840** |

**Bishop's Charity Fund Contribution from Neyyattinkara Dist.**

| No | Parish | Place | Amount |
|---|---|---|---|
| 1 | St.John the Baptist S MCC | Chaikkottukonam | 5000 |
| 2 | St. Mary's SMCC | Chekkady | 2500 |
| 3 | St. Francis Xavier SMCC | Chemparathivila | 10000 |
| 4 | St. Jude SMCC | Ettukutty | 2000 |
| 5 | St. Mary's SMCC | Kakkottukonam | 2000 |
| 6 | Our Lady of Perpetual Help SMCC | Kanjiramkulam | 25000 |
| 7 | St. George SMCC | Kannaravila | 10000 |
| 8 | St. Peter's SMCC | Kariprakonam | 1000 |
| 9 | St. George SMCC | Kodangavila | 10000 |
| 10 | St. Francis Assissi SMCC | Kottarakkonam | 3000 |
| 11 | St. Joseph's SMCC | Mekonam | 2000 |
| 12 | St. Joseph's SMCC | Pampukala | 15000 |
| 13 | St. Antony's SMCC | Perumpazhuthoor | 2000 |
| 14 | St. Antony's SMCC | Poovar | 10000 |
| 15 | St. Mary's SMCC | Russelpuram | 10000 |
| 16 | St. Mary's SMCC | Tharavila | 1000 |
| 17 | St. Mary's SMCC | Vandannor | 3000 |

| | | | |
|---|---|---|---|
| 18 | St. Mary's SMCC | Vadakara | 5000 |
| 19 | St. Sebastian's SMCC | Mar Ephrem Nagar | 4600 |
| 20 | St. John's SMCC | Virali | 1000 |
| | | | **124100** |

**Bishop's Charity Fund Contribution from Parassala District**

| No | Parish | Place | Amount |
|---|---|---|---|
| 1 | St. Mary's SMCC | Parassala | 10000 |
| 2 | St. Sebastian's SMCC | Ambilikonam | 10000 |
| 3 | St. Antony's SMCC | Aruvancode | 5000 |
| 4 | St. Joseph's SMCC | Aruviyode | 5000 |
| 5 | St. Pious X SMCC | Cheruvarakkonam | 15000 |
| 6 | St. George SMCC | Dhanuvachapuram | 10000 |
| 7 | St. Joseph's SMCC | Kottamam | 3000 |
| 8 | St. Mary's SMCC | Kudayal | 10000 |
| 9 | St. Thomas' SMCC | Kulathamal | 5000 |
| 10 | St. George SMCC | Kulathoor | 25000 |
| 11 | St. Mary's SMCC | Kuzhinjanvila | 10000 |
| 12 | St. Mary's SMCC | Manchavilakam | 5000 |
| 13 | St. Joseph's SMCC | Nalloorvattom | 5000 |
| 14 | Lurdhu Matha SMCC | Panayamoola | 5000 |
| 15 | St. Mary's SMCC | Panayarackal | 5000 |
| 16 | St. Mary's SMCC | Pazhzaya Uchakada | 5000 |
| 17 | St. George SMCC | Pinkulam | 15000 |
| 18 | St. George SMCC | Uchakada | 5000 |
| 19 | St. Jude SMCC | Vanyakode | 10000 |
| | | | **163000** |


വി. കുർബാനയ്ക്ക് ആവശ്യമായ ഓസ്തി മിതമായ നിരക്കിൽ ചെയ്തുകൊടുക്കപ്പെടുന്നു.

*Contact* : Sacred Heart Malankara Catholic Church, Thiruvallam.
*Mob* : 8590005426

## Individuals and Institutions

| | Name | Parish | Amount |
|---|---|---|---|
| 1 | Antony, Stephen, Catechists | | 1000 |
| 2 | MCA | Parassala District | 5000 |
| 3 | MCYM | Parassala District | 5000 |
| 4 | Mathrusangam | Neyyatinkara District | 1000 |
| 5 | MCA | Neyyatinkara District | 2000 |
| 6 | St.Thomas School | Kanakkuzhi | 1000 |
| 7 | St. Antony's School | Kuttichal | 2500 |
| 8 | S H Convent | Kuttichal | 2000 |
| 9 | Sunday School | Parassala Diocese | 10000 |
| 10 | SH Convent & School | Pappanamcode | 5000 |
| 11 | G. Sunilkumar | Aruvattukonam | 10000 |
| 12 | Mar Beselios School | Amboori | 2500 |
| 13 | Mother Theresa College | Nellikadu | 102500 |
| 14 | Bethany Convent | Ambilikonam | 5000 |
| 15 | Bethany Convent | Kulathamel | 2000 |
| 16 | Bethany Convent | Amboori | 2000 |
| 17 | Rev. Fr Thomas Kuzhinapureth | | 10000 |
| 18 | St. Joseph UPS | Venniyoor | 5000 |
| 19 | St. Joseph School | Chemboor | 10000 |
| 20 | Sisters of Charity | Charottukonam | 6000 |
| 21 | Mathruvedi | Parasala Diocese | 10000 |
| 22 | Missionaris of Unity Sisters | Edanji | 5000 |
| 23 | Carmala Matha School | Punnavoor | 2000 |
| 24 | School | Malayinkizhu | 10000 |
| 25 | Mar Gregorios School | Pravachambalam | 15000 |

| | | | |
|---|---|---|---|
| 26 | Stella Maris LPS | Nellimoodu | 15000 |
| 27 | Udaya Convent School | Dhanuvachapuram | 2000 |
| 28 | Holy Queen EM School | Neyyatinkara | 10000 |
| 29 | St.Chrysostom's School | Nellimoodu | 15000 |
| 30 | Fr. Philips H.S.S | Nellikadu | 5000 |
| 31 | Nirmala Province | Venniyoor | 50000 |
| 32 | Minor Seminary | Ponnuduthakuzhi | 10000 |
| 33 | St. Chrysostom's GHS | Nellimoodu | 5000 |
| 34 | St.Vincent Depaul Balaramapuram | Area Council | 2000 |
| 35 | Legion of Mary | Kanjiramkulam | 2000 |
| 36 | Mr. Paulose & Family | Ettukutty | 2500 |
| 37 | MCN Movement | | 2000 |
| 38 | St. Mary's Central School | Pottayil | 5000 |
| 39 | One Faithful | | 10000 |
| 40 | St. George School | Kodangavila | 10000 |
| 41 | V.P.S.H.S.S for Boys | Venganoor | 3000 |
| 42 | Kamala Constructions (Santhosh) | Panachamoodu | 100000 |
| 43 | Rev. Fr. Sebastian Kannamthanam | | 50000 |
| 44 | Viswadeepthi School | Kattakkada | 132887 |
| 45 | M.S.C. LPS | Ookkode | 2000 |
| 46 | MCA | Parassala Diocese | 12500 |
| | | Total : | **677387** |

| | | |
|---|---|---|
| Total from Parishes | : | **564870** |
| Total from Individuals and Institutions | : | **677387** |
| Grand Total | : | **1242257** |

# എം.സി.സി.എൽ.



## പൊതുവായ നിർദ്ദേശങ്ങൾ

♦ ഒന്നാം ക്ലാസ്സ് മുതൽ ഡിഗ്രി ക്ലാസ്സ് വരെ സണ്ടേസ്ക്കൂൾ പഠിക്കുന്നവരാണ് എം.സി.സി.എൽ. സംഘടനയിലെ അംഗങ്ങൾ

♦ ഭാരവാഹികൾ ആത്മീയ കാര്യങ്ങളിൽ താത്പര്യമുള്ളവരും സൽസ്വഭാവികളും പഠനകാര്യത്തിൽ മുമ്പിൽ നിൽക്കുന്നവരും നേതൃത്വപാടവമുള്ളവരും സണ്ടേസ്ക്കൂളിൽ സജീവമായിട്ടുള്ളവരും ആയിരിക്കണം.

♦ സണ്ടേസ്ക്കൂൾ പഠനത്തിന് തടസ്സമുണ്ടാകാത്ത വിധത്തിൽ വേണം സംഘടനാ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ.

♦ ബഹു. വികാരിയച്ചൻ താമസിക്കുന്ന പള്ളികളിൽ എം.സി.സി.എൽ. മീറ്റിംഗ് ശനിയാഴ്ച ദിവസങ്ങളിൽ കൂടാവുന്നതാണ്.

♦ സണ്ടേസ്ക്കൂൾ അസംബ്ലിയോട് ചേർന്ന് എം.സി.സി.എൽ. പ്രാർത്ഥന നടത്തണം.

♦ വികാരിയച്ചനായിരിക്കും എം.സി.സി.എൽ. യൂണിറ്റ് ഡയറക്ടർ.

♦ ആനിമേറ്ററായി സിസ്റ്ററിനെയും കോർഡിനേറ്ററായി സണ്ടേസ്ക്കൂൾ പ്രഥമാദ്ധ്യാപകൻ /അദ്ധ്യാപികയെയും ചുമതലപ്പെടുത്തണം.

## പ്രവർത്തനങ്ങൾ

♦ കുഞ്ഞുങ്ങൾക്കിടയിൽ മദ്ധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പ് രൂപികരിച്ച് നിയോഗങ്ങൾ വച്ച് ഓരോ ആഴ്ചയും പ്രാർത്ഥിക്കുക.

♦ ഒരു ദിവസം ഒരു വചനം മനഃപാഠമാക്കുകയും അത് ഒരു ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുക.

♦ ആനിമേറ്ററിന്റെയും കോർഡിനേറ്ററിന്റെയും നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തുക.

♦ സണ്ടേസ്ക്കൂൾ അസംബ്ലിയിലും എം.സി.സി.എൽ. പ്രാർത്ഥനയോടൊപ്പം സദ്ചിന്തകൾ, വിശുദ്ധരുടെ ജീവിതങ്ങൾ എന്നിവ പങ്കുവയ്ക്കുക.

## എം.സി.സി.എൽ. ബാലരാമപുരം വൈദിക ജില്ലാ സംഗമം

2018 സെപ്റ്റംബർ 16-ാം തീയതി ഞായറാഴ്ച ബാലരാമപുരം നസ്രത്ത് ഹോമിൽ വച്ച് എം.സി.സി.എൽ. ജില്ലാ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഈ മീറ്റിംഗിൽ 86 കുട്ടികൾ പങ്കെടുത്തു. മീറ്റിംഗിൽ സണ്ടേസ്ക്കൂൾ ജില്ലാ സെക്രട്ടറി സ്വാഗതവും റവ. ഫാ. റിജോ വർഗ്ഗീസ് വടക്കേത്തുരുത്തേൽ ഉദ്ഘാടനം നടത്തുകയും എം.സി.സി.എൽ. രൂപതാ

കോർഡിനേറ്റർ സിസ്റ്റർ മേരി റോസ് ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ജില്ലാ കോർഡിനേറ്റർ സിസ്റ്റർ ദീപ ജോസ് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ജില്ലാ സണ്ടേസ്ക്കൂൾ എക്സിക്യൂട്ടീവ് മെമ്പർ എഡ്വിൻ നന്ദി അർപ്പിച്ചു.

**ജില്ലാ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ആലീസ് എസ്. ഫിലിപ്പോസ്, തിരുവല്ലം |
| വൈസ് പ്രസിഡന്റ് | : | അലീന എ. എസ്, ബാലരാമപുരം |
| സെക്രട്ടറി | : | ഷിബിൻ എസ്., മുല്ലൂർ |
| ജോ. സെക്രട്ടറി | : | ജെസ്വിൻ എസ്. കുമാർ, വെണ്ണിയൂർ |
| ട്രഷറർ | : | പ്രിൻസി എം, ചൊവ്വര |

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

റോസ് പ്രാവച്ചമ്പലം, സാന്ദ്ര പുന്നക്കുളം, അമല ജോസ് എരുത്താവൂർ, ആൽബിൻ ജെ. എസ്. പൊറ്റയിൽ, റോബിൻ എ. ജെ. തിരുവല്ലം

## എം.സി.സി.എൽ. നെയ്യാറ്റിൻകര വൈദിക ജില്ലാ സംഗമം

2018 സെപ്റ്റംബർ 2-ാം തീയതി ഞായറാഴ്ച്ച കൊടങ്ങാവിള സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കാത്തോലിക്കാ ദൈവാലയത്തിൽ വച്ച് എം.സി.സി.എൽ. നെയ്യാറ്റിൻകര വൈദിക ജില്ലാ സംഗമം നടന്നു. ജില്ലാ വികാരി വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ ഡയറക്ടർ റവ. ഫാ. തോമസ് പ്രശാന്ത് OIC സ്വാഗതം ആശംസിച്ചു.

**ജില്ലാ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ആദർശ്, കണ്ണറവിള |
| വൈസ് പ്രസിഡന്റ് | : | അനശ്വര, പാമ്പുകാല |
| സെക്രട്ടറി | : | ആര്യ എ. അഗസ്റ്റിൻ, കാഞ്ഞിരംകുളം |
| ജോ. സെക്രട്ടറി | : | രഞ്ചിത്ത്, മാർ അപ്രേം നഗർ |
| ട്രഷറർ | : | ശ്യാം, റസ്സൽപുരം |

**എം.സി.സി.എൽ. കാട്ടാക്കട വൈദിക ജില്ലാ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ജിൻസി എം. ജോയ്, പുത്തൻകാവുവിള |
| വൈസ് പ്രസിഡന്റ് | : | അമൽ, കല്ലാമം |
| സെക്രട്ടറി | : | സുജിൻ എസ്. ആർ., പുത്തൻകാവുവിള |
| ജോ. സെക്രട്ടറി | : | സോന, കൊണ്ണിക്കോണം |
| ട്രഷറർ | : | വിനീത്, കാട്ടാക്കട |

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

നിഖിൽ പാപ്പനം, ആൽഫിയ തൂങ്ങാംപാറ, അജന കണ്ടല, എബിൻ പുനലാൽ, ഏയ്ഞ്ചൽ അരുവിക്കുഴി




## കെ.സി.വൈ.എം. സെനറ്റ് സമ്മേളനം

തലശ്ശേരിയിൽ വച്ച് നടന്ന കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ പാറശ്ശാല ഭദ്രാസന സമിതി പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.



## പ്രാർത്ഥനായജ്ഞം

2018 ആഗസ്റ്റ് 8-ാം തീയതി ഞായറാഴ്ച്ച പാറശ്ശാല ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും എം.സി.വൈ.എം-ന്റെ നേതൃത്വത്തിൽ പ്രളയബാധിതർക്കുവേണ്ടി പ്രാർത്ഥന നടത്തി.

## അസീസിയൻ ഹെസദ്-യുവജന ദിനാഘോഷം

എം.സി.വൈ.എം സഭാതല സമിതിയുടെ 2018 ലെ യുവജന സംഗമത്തിന് പാറശ്ശാല ഭദ്രാസനം ആതിഥേയത്വം വഹിക്കും. ഈ സംഗമം 2018 ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച രാവിലെ 8.00 മണിക്ക് നെയ്യാറ്റിൻകര വൈദിക ജില്ലയുടെ നേതൃത്വത്തിൽ ചെമ്പരത്തിവിള സെന്റ് ഫ്രാൻസീസ് സേവ്യർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ചാണ് നടത്തക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ഭദ്രാസനങ്ങളിലെയും യുവജന പ്രതിനിധികൾ പങ്കെടുക്കുന്ന ഈ സംഗമത്തിൽ അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സന്ന്യസ്തരും സന്നിഹിതരായിരിക്കും

MALANKARA CATHOLIC ASSOCIATION
TRUTH UNITY PEACE

എം.സി.എ.



## തെരഞ്ഞെടുപ്പ് വിജ്ഞാപനം

2018 ഡിസംബർ 31 ന് നിലവിലുള്ള എം.സി.എ. ഭാരവാഹികളുടെ കാലാവധി അവസാനിക്കുന്നു. 2019 ജനുവരി 1 മുതൽ പുതിയ ഭരണസമിതി നിലവിൽ വരുന്നതാണ്. 2019-2020 കാലയളവിലേയ്ക്കുള്ള ത്രിതല ഭാരവാഹികളെ താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശപ്രകാരം തെരഞ്ഞെടുക്കേണ്ടതാണ്.

**1. വോട്ടർ പട്ടിക തയാറാക്കൽ**

വോട്ടവകാശമുള്ള (30 വയസ്സ് തികഞ്ഞവർ) അംഗങ്ങളുടെ പട്ടിക 2018 സെപ്റ്റംബർ 30 ന് അകം തയാറാക്കേണ്ടതാണ്. ഇതിന്റെ ഒരു പകർപ്പ് യൂണിറ്റിൽ സൂക്ഷിക്കേണ്ടതും ഒരെണ്ണം ജില്ലാസമിതിയിൽ സൂക്ഷിക്കേണ്ടതും ഒരെണ്ണം രൂപതാസമിതിയിൽ സൂക്ഷിക്കേണ്ടതുമാണ്.

**2. വരണാധികാരി**

തെരഞ്ഞെടുപ്പിന് യൂണിറ്റ് തലത്തിൽ യൂണിറ്റ് ഡയറക്ടറും ജില്ലാതലത്തിൽ ജില്ലാഡയറക്ടറും രൂപതാതലത്തിൽ രൂപത ഡയറക്ടറും വരണാധികാരിയായിരിക്കും.

**3. തെരഞ്ഞെടുപ്പ് തീയതികൾ**

1. യൂണിറ്റ് തലം : 2018 ഒക്ടോബർ 14 ന് അകം പൂർത്തീകരിക്കണം
2. ജില്ലാ തലം : 2018 നവംബർ 11 ന് അകം പൂർത്തിയാക്കണം
3. രൂപതാ തലം : 2018 ഡിസംബർ 16 (സ്ഥലം : ബിഷപ്പ്സ് ഹൗസ്, പാറശ്ശാല)

**4. തെരഞ്ഞെടുക്കപ്പെടേണ്ടവർ**

**യൂണിറ്റ്തലം**

1. പ്രസിഡന്റ്
2. വൈസ് പ്രസിഡന്റ് (M)
3. വൈസ് പ്രസിഡന്റ് (F)
4. സെക്രട്ടറി
5. ജോയിന്റ് സെക്രട്ടറി
6. ട്രഷറർ

7.
8. ഉപരിസമിതി അംഗങ്ങൾ ഒരാളെങ്കിലും വനിതയായിരിക്കണം
9.
10.
11.
12. എക്സിക്യൂട്ടീവ് അംഗങ്ങൾ ഇതിൽ രണ്ട് പേർ വനിതകളായിരിക്കണം
13.
14.
15. യൂണിറ്റ് ഡയറക്ടറുടെ നോമിനി

**ജില്ലാതലം**

1. പ്രസിഡന്റ്
2. വൈസ്പ്രസിഡന്റ് (M)
3. വൈസ്പ്രസിഡന്റ് (F)
4. സെക്രട്ടറി
5. ജോയിന്റ് സെക്രട്ടറി
6. ട്രഷറർ

7.
8. ഉപരിസമിതി അംഗങ്ങൾ
9. 2 പേർ വനിതകളായിരിക്കണം
10.
11.
12. എക്സിക്യൂട്ടീവ് അംഗങ്ങൾ
13. ഒരാളെങ്കിലും വനിതയായിരിക്കണം
14.
15. ജില്ലാ ഡയറക്ടറുടെ നോമിനി

**5.** ഉപരിസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമേ ഉപരിസമിതികളിലേയ്ക്ക് മൽസരിക്കാൻ സാധിക്കൂ.

**6.** MCA അംഗങ്ങളുടെ വാർഷിക ഫീസ് 10/രൂപയായിരിക്കും

**ശാന്തിയാത്ര**

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമപ്പെരുന്നാൾ ഒക്ടോബർ 10-ാം തീയതി സമുചിതമായിആചരിക്കുന്നതാണ്.



# മാതൃവേദി

## മാതൃസംഗമവും പ്രവർത്തന ഉദ്ഘാടനവും

പാറശ്ശാല വൈദിക ജില്ലാ മാതൃസംഗമവും പ്രവർത്തന ഉദ്ഘാടനവും ജൂലൈ 21 ശനിയാഴ്ച, ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്താ നിർവ്വഹിച്ചു. വിശുദ്ധ കുർബാനയ്ക്കും ഉദ്ഘാടനത്തിനും ശേഷം മലങ്കര മേജർ സെമിനാരി പ്രൊഫസർ ബഹു. ജോസഫ് പൂവത്തുംതറയിൽ അച്ചൻ സെമിനാർ നയിച്ചു. പാറശ്ശാല വൈദിക ജില്ലാ മാതൃവേദി ഡയറക്ടർ റവ. ഫാ തോമസ് ഈട്ടികലായിൽ പരിപാടികൾക്ക് നേതൃത്വം നൽകി.



## ദൈവദാസൻ മാർ ഈവാനിയോസ് ദിനം - ജൂലൈ 15

നെയ്യാറ്റിൻകര വൈദികജില്ലയിലെ എല്ലാ ഇടവകകളിലും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തുന്നതിനുള്ള പ്രാർത്ഥനാ കാർഡ് നൽകുകയും പ്രത്യേക പ്രാർത്ഥന മാതൃവേദിയുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു.




## പ്രളയമുഖത്ത് ഒരു കൈത്താങ്ങ്

പ്രളയംമൂലം ദുരിതമനുഭവിക്കുന്ന നാനാജാതിമതസ്ഥർക്ക് ഒരു കൈത്താങ്ങായി പാറശ്ശാല ഭദ്രാസനത്തിലെ സാമൂഹികക്ഷേമ വിഭാഗ മായ KIDS പ്രവർത്തിച്ചു. നിത്യോപയോഗ സാധനങ്ങൾ അടങ്ങുന്ന ആയിരം കിറ്റുകൾ പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെയും ഡയറക്ടർ റവ. ഫാ. സാജൻ പുത്തൻവീടിന്റെയും ഡെപ്യൂട്ടി സ്പീക്കറിന്റെ പി. എ. ശ്രീ. വിൽസൺ എസിന്റെയും നേതൃത്വത്തിൽ വിവിധ ക്യാമ്പുകളിൽ വിതരണം ചെയ്തു.





# വിദ്യാഭ്യാസം

## സാന്തോം കോളേജിൽ അധ്യായന വർഷം ആരംഭിച്ചു

പാറശ്ശാല ദദ്രാസനത്തിൽ ഇടഞ്ഞിയിൽ കേരള സർക്കാർ അനുവദിച്ചതും കേരള യൂണിവേഴ്സിറ്റി അഫിലിയേഷൻ നൽകിയതുമായ സാന്തോം മലങ്കര ആർട്സ് & സയൻസ് കോളേജിൽ ബി. എസ്. സി. കെമിസ്ട്രി, ബി. എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ബി. കോം ഫിനാൻസ് എന്നീ കോഴ്സുകളില്ലേക്കുള്ള മുഴുവൻ സീറ്റുകളിലും വിദ്യാർത്ഥികളുടെ പ്രവേശന നടപടികൾ പൂർത്തിയാക്കി സെപ്റ്റംബർ മാസം മൂന്നാം തീയതി തിങ്കളാഴ്ച അധ്യായന വർഷം ആരംഭിച്ചു. അന്നേ ദിവസം പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പൊലീത്താ വിദ്യാരംഭ പ്രാർത്ഥന നടത്തുകയും അധ്യാപകരെയും വിദ്യാർത്ഥികളെയും അനുഗ്രഹിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് എല്ലാ വിദ്യാർത്ഥികളെയും നേരിൽ കണ്ട് കോളേജിന്റെ പ്രവർത്തനശൈലി വിശദീകരിച്ചുകൊടുത്തു. അധ്യായന വർഷാരംഭചടങ്ങുകൾക്ക് പാറശ്ശാല ഭദ്രാസന വികാരി ജനറൽ മോൺ. സെലിൻ ജോസ് കോണത്തുവിള, ഭദ്രാസന ചാൻസലർ റവ. ഫാ. ഹോർമീസ് പുത്തൻവീട്ടിൽ, കോളേജ് പ്രിൻസിപ്പൽ റവ. ഡോ. സ്റ്റിഫൻ ഓലിക്കൽ, കോളേജ് ബർസ്സാർ റവ. ഡോ . ബർണാഡ് വലിയവിള, യൂണിറ്റി ആശ്രമ ഡയറക്ടർ റവ. ഫാ. ജോൺ പുന്നാറ എന്നിവർ നേതൃത്വം നൽകി.

## ബാസ്ക്കറ്റ്ബോൾ കോച്ചിംഗ്

നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഗേൾസ് ഹൈസ്ക്കൂളിൽ സെപ്റ്റംബർ 10-ാം തീയതി തിങ്കളാഴ്ച്ച ബാസ്ക്കറ്റ്ബോൾ കോച്ചിംഗ് ആരംഭിച്ചു. സ്ക്കൂൾ ഹെഡ്മിസ്ട്രസ്സ് റവ. സി. കരോളിൻ ഡി. എം. പരിശീലന പദ്ധതി ഉദ്ഘാടനം ചെയ്തു. സ്കൂളിലെ കായികാധ്യാപകരുടെ നേതൃത്വത്തിൽ റവ. ഫാ. ജസ്റ്റിൻ നീലറത്തല 50 കുട്ടികളെ പരിശീലിപ്പിക്കുന്നു.

# സ്മരണീയ ദിനങ്ങൾ

## സെപ്റ്റംബർ 2018

| | | |
|---|---|---|
| 1 | ശനി | എട്ടു നോമ്പാരംഭം |
| 5 | ബുധൻ | പാറശ്ശാല രൂപതാദിനം |
| | | വി. മദർ തെരേസയുടെ തിരുനാൾ |
| 8 | ശനി | വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ |
| | | എട്ടു നോമ്പ് വീടൽ |
| 14 | വെള്ളി | സ്ലീബാപ്പെരുന്നാൾ |
| 20 | വ്യാഴം | മലങ്കര പുനരൈക്യ ദിനം |
| | | അഭിവന്ദ്യരായ തോമസ് മാർ യൗസേബിയൂസ് (2010), |
| | | ഗീവർഗീസ് മാർ മക്കാറിയോസ് (2017), |
| | | യൂഹാനോൻ മാർ തെയഡോഷ്യസ് (2017) |
| | | തിരുമേനിമാരുടെ മെത്രാഭിഷേക വാർഷികം |
| 28 | വെള്ളി | അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് |
| | | തിരുമേനിയുടെ ഓർമ്മ (1977) |

## ഒക്ടോബർ 2018

| | | |
|---|---|---|
| 7 | ഞായർ | മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം |
| 10 | ബുധൻ | അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് |
| | | തിരുമേനിയുടെ ഓർമ്മ (1994) |
| 21 | ഞായർ | മിഷൻ ഞായർ |
| 28 | ഞായർ | ബത്തേരി ഭദ്രാസന സ്ഥാപന ദിനം (1978) |

# Bishop's Diary - September, 2018

| | | |
|---|---|---|
| **1 Saturday** | | |
| 5 pm | : | Panachamoodu |
| **2 Sunday** | | |
| 7 am | : | Kuzhinjamvila |
| 6 pm | : | Manchavilakam |
| **3 Monday** | | |
| 4 pm | : | Viswadeepthi School |
| 6 pm | : | Kattakada Choondupalaka |
| **5 Wednesday** | : | Diocese day |
| **6 Thursday** | | |
| 6 pm | : | Aruvattukonam |
| **7 Friday** | | |
| 5 pm | : | Kuravilangadu |
| **8 Saturday** | | |
| 6 pm | : | Cheruvarakonam |
| **9 Sunday** | | |
| 9 am | : | Chekkadi |
| 2 pm | : | Balaramapuram |
| 4.30 pm | : | Russelpuram |
| **10 Monday** | | |
| 10.30 am | : | Santhom College |
| **11 Tuesday** | | |
| 3 pm | : | Curia |
| 6 pm | : | Recollection |
| **13 Thursday** | | |
| 10 am | : | House Blessing *(Panachamoodu)* |
| **15 Saturday** | | |
| 11 am | : | Wedding *(Pattom)* |
| 5 pm | : | Kakkotukonam |

**16 Sunday**

| | | |
|---|---|---|
| 8 am | : | Konnikonam |
| 5 pm | : | Panayamoola |

**23 Sunday**

| | | |
|---|---|---|
| 9 am | : | Chengannur |

**24 Monday** : Thrissur

**29 Saturday**

| | | |
|---|---|---|
| 1 am | : | Wedding (Pathanamthitta) |
| 6 pm | : | Thiruvalla |

**30 Sunday**

| | | |
|---|---|---|
| 9 am | : | Chennayikonam |
| 2 pm | : | Chemboor District Meet |
| 4 pm | : | Kattakada District Meet |

# October, 2018

**6 Saturday**

| | | |
|---|---|---|
| 5 pm | : | Poozhikunnu |

**7 Sunday**

| | | |
|---|---|---|
| 7 am | : | Kuzhinjamvila |
| 5 pm | : | Kudayal |

**13 Saturday**

| | | |
|---|---|---|
| 9 am | : | Kudassananadu |

**14 Sunday**

| | | |
|---|---|---|
| 10.30 am | : | Panayarakkal |
| 2 pm | : | Parasala District Meet |
| 4 pm | : | Neyyatinkara District Meet |

**21 Sunday**

| | | |
|---|---|---|
| 9 am | : | Aruvikuzhi |
| 5 pm | : | Vanyamkodu |

# കൊളോൺ ആർച്ച്ബിഷപ്പ് അഭിവന്ദ്യ റയ്നർ മരിയ കർദ്ദിനാൾ വോൾകി തിരുമേനിയുടെ പാറശ്ശാല ഭദ്രാസന സന്ദർശനം









അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് കൂദാശ ചെയ്ത
കുടപ്പനമൂട് സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം



അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് കൂദാശ ചെയ്ത പരിശുദ്ധ വേളാങ്കണ്ണി
മാതാവിന്റെ നാമത്തിൽ കുഴിഞ്ഞാൻവിള മാതാ നഗറിൽ സ്ഥാപിതമായ കുരിശ്ശടി


Printed and Published by Diocese of Parassala
Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502

Design & Layout : Syam, Nia Graphics, Chowara